ഭരണഭാഷ മാതൃഭാഷ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ഉള്ളൂർ ലെയിൻ ,ജഗതി തിരുവനന്തപുരം
ഇ-മെയിൽ- jdacad@gmail.com
ഫോൺ: 0471-2580738

നമ്പർ:HSE/18029/2024-ACD SPL4 തീയതി:#ApprovedDate#

## സർക്കുലർ

വിഷയം : പൊ-വി-വ-ഹ.സെ.വി-കേരള സംസ്ഥാന ശിശുക്ഷേമ സമിതി - ശിശുദിന സ്റ്റാമ്പ് 2024 -ന്റെ ചിത്രരചനകൾ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന : കേരള സംസ്ഥാന ശിശു ക്ഷേമ സമിതിയുടെ 04/10/2024 തീയതിയിലെ B-2/3668/2024/KSCCW(CDS.-2024-2025 കേ.സം.ശി.ക്ഷേ.സ./2024) നമ്പർ കത്ത്.

നവംബർ 14 ശിശുദിനാഘോഷത്തിന്റെ ഭാഗമായി ശിശുദിന സ്റ്റാമ്പ് 2024-ന്റെ ചിത്രം തെരഞ്ഞെടുക്കുന്നതിന് 4-ാം ക്ലാസ്സു മുതൽ പ്ലസ്ടു തലം വരെ പഠിക്കുന്ന കുട്ടികളിൽ നിന്നും കേരള സംസ്ഥാന ശിശുക്ഷേമ സമിതി "ബാലസൗഹൃദ കേരളം' എന്ന വിഷയത്തെ ആസ്പദമാക്കി ചിത്രരചനകൾ ക്ഷണിക്കുന്നു.മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

### ശിശുദിന സ്റ്റാമ്പ് - 2024- മാർഗ്ഗ നിർദ്ദേശങ്ങൾ

1.'ബാലസൗഹൃദ കേരളം' എന്ന ആശയത്തെ ആസ്പദമാക്കി നാലു മുതൽ പ്ലസ്ടു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ചിത്രരചന മത്സരത്തിൽ പങ്കെടുക്കാം.

2.ചിത്രങ്ങൾക്ക് ജലച്ഛായം, പോസ്റ്റർ കളർ, ക്രയോൺസ്, ഓയിൽ പെയിന്റ് ഇവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കാവുന്നതാണ്.15x12 സെന്റിമീറ്റർ അനുപാതത്തിലായിരിക്കണം ചിത്രരചന നടത്തേണ്ടത്.

3.സ്റ്റാമ്പിന്റെ വലിപ്പമായ 5x4 സെൻ്റീമീറ്ററിലേക്ക് ചിത്രം ചെറുതാക്കേണ്ടതിനാൽ രചനയിലെ വിശദാംശങ്ങൾ വ്യക്തമാകുന്ന വിധമുള്ള പശ്ചാത്തലവും നിറങ്ങളും രചനാ സാമഗ്രികളും കൊണ്ട് ചിത്രരചന നിർവ്വഹിക്കുന്നതായിരിക്കും ഉചിതം.

4.തെരഞ്ഞെടുക്കപ്പെടുന്ന ചിത്രം വരയ്ക്കുന്ന വിദ്യാർത്ഥിക്ക് പ്രശസ്തിഫലകവും ക്യാഷ് അവാർഡും പഠിക്കുന്ന വിദ്യാലയത്തിന് റോളിംഗ് ട്രോഫിയും നൽകി ശിശുദിനസ്റ്റാമ്പ് പ്രകാശന ചടങ്ങിൽ ആദരിക്കുന്നതായിരിക്കും.

5.ചിത്രം വരയ്ക്കുന്ന വിദ്യാർത്ഥിയുടെ പേര്,ക്ലാസ്സ്,വയസ്സ് സ്കൂളിന്റെയും വിദ്യാർത്ഥിയുടെ വീടിന്റെയും ഫോൺ നമ്പരോടു കൂടിയ മേൽവിലാസം എന്നിവ ചിത്രത്തിന്റെ പിറകു വശത്ത് എഴുതി പ്രിൻസിപ്പാൾ മുദ്ര പതിപ്പിച്ച് സാക്ഷ്യപ്പെടുത്തിയിരിക്കണം.

6.ചിത്ര രചനകൾ ജനറൽസെക്രട്ടറി കേരള സംസ്ഥാന ശിശുക്ഷേമ സമിതി തൈക്കാട്, തിരുവനന്തപുരം 14 എന്ന വിലാസത്തിൽ തപാൽ മാർഗ്ഗമോ/നേരിട്ടോ 2024 ഒക്ടോബർ 26-ാം തീയതി വരെ എത്തിക്കാവുന്നതാണ്.

7.കവറിനു പുറത്ത് "ബാലസൗഹൃദ കേരളം' എന്ന് രേഖപ്പെടുത്തേണ്ടതാണ്.

16/10/24

ജോയിന്റ് ഡയറക്ടർ (അക്കാദമിക്)

<u>പകർപ്പ് :</u>

ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്ക്